# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2169 — 20.06.2012 ൽ മറുപടിക്ക്

### സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കാൻ അവസരം

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.സി.ജോർജ്
ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ.ജയരാജ്

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനായി 2011 ഡിസംബർ ഒന്നു മുതൽ 31 വരെ അനുവദിച്ച സമയത്തിനുള്ളിൽ എത്ര ബി.പി.എൽ, എ.പി.എൽ കാർക്ക് കാർഡ് പുതുക്കുവാൻ സാധിച്ചു; വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഡിസംബർ മാസം1 മുതൽ 31 വരെ സംസ്ഥാനത്തെ വിവിധ അക്ഷയ സെന്ററുകൾ വഴി 4,80,548 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിൽ 2,49,714 പേർക്ക് സ്മാർട്ട് കാർഡ് നല്കി കഴിഞ്ഞു. ശേഷിക്കുന്ന കുടുംബങ്ങൾക്ക് സ്മാർട്ട് കാർഡ് നല്കുന്ന നടപടികൾ പുരോഗമിക്കുകയാണ്.

സംസ്ഥാനത്താകെ 24,68,281 സ്മാർട്ട് കാർഡുകളാണ് ഇതുവരെ പുതുക്കി നൽകിയിട്ടുള്ളത്. ഇതിൽ ബി.പി.എൽ. വിഭാഗത്തിൽ 24,61,159 കുടുംബങ്ങളും 7,122 എ.പി.എൽ കുടുംബങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള കുടുംബങ്ങൾക്ക് സ്മാർട്ട് കാർഡ് പുതുക്കുവാൻ ഈ മാസം അവസാനം വരെ സമയമുണ്ട്.

B.V.Kumar
സെക്ഷൻ ഓഫീസർ